പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 6454

21/11/2019-ൽ മറുപടിയ്ക്ക്

**കോന്നി മണ്ഡലത്തിലെ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

| ചോദ്യം<br>ശ്രീ.കെ.യു. ജനീഷ് കുമാർ | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കോന്നി മണ്ഡലത്തിലെ സ്കൂളുകളിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത മണ്ഡലത്തിലെ സ്കൂൾ വികസന പ്രവർത്തനം സംബന്ധിച്ച വിശദവിവരം നൽകുമോ; | (എ) കോന്നി മണ്ഡലത്തിൽ മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കിഫ്ബിയുടെ 5 കോടി രൂപ ധനസഹായത്തോടെ കോന്നി ജി.എച്ച്.എസ്.എസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മണ്ഡലത്തിലെ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ ഹൈടെക് സ്കൂൾ പദ്ധതിയും, സർക്കാർ, എയ്ഡഡ് പ്രൈമറി വിഭാഗം സ്കൂളുകളിൽ ഹൈടെക് ലാബ് പദ്ധതിയും ഏകദേശം പൂർത്തിയായി. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കോന്നി മണ്ഡലത്തിലെ സ്കൂളുകളിൽ കിഫ്ബി ഫണ്ടുപയോഗിച്ചും പ്ലാൻ ഫണ്ടുപയോഗിച്ചുമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. സ്കൂളുകളിൽ അക്കാദമിക മാസ്റ്റർ പ്ലാൻ ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ഭാഷാ വികാസത്തിനായി 'മലയാളത്തിളക്കം', 'ഹലോ ഇംഗ്ലീഷ് ', 'സുരീലി ഹിന്ദി' തുടങ്ങിയ പദ്ധതികളും പഠന പിന്നോക്കാവസ്ഥ അഭിമുഖീകരിക്കാൻ 'ശ്രദ്ധ' പദ്ധതിയും, ശാസ്ത്രം, ഗണിതം എന്നിവയിൽ ആഭിമുഖ്യം വളർത്തുന്നതിനുതകുന്ന പദ്ധതികളും, കുട്ടികളുടെ സർഗ്ഗശേഷി വികസിപ്പിക്കുന്നതിനുള്ള പദ്ധതികളും അക്കാദമിക പ്രവർത്തനങ്ങളുടെ ഭാഗമായി നടന്നു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബി മുഖാന്തരം തുക അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | (ബി) | കോന്നി മണ്ഡലത്തിൽ 5 കോടി രൂപ ചെലവഴിച്ച് മികവിന്റെ കേന്ദ്രമാക്കുന്നതിന് കോന്നി ജി.എച്ച്.എസ്.എസ്., അടിസ്ഥാന സൗകര്യവികസനത്തിനായി 3 കോടി രൂപ വീതം ചെലവഴിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ജി.എച്ച്.എസ്.എസ്. ചിറ്റാർ, ജി.എച്ച്.എസ്.എസ്. കലഞ്ഞൂർ എന്നീ സ്കൂളുകൾക്കും തുക അനുവദിച്ചിട്ടുണ്ട്. |
| (സി) | ഇതിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്നും, ഇനി ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കാനുണ്ടെന്നും വ്യക്തമാക്കാമോ? | (സി) | കോന്നി നിയോജകമണ്ഡലത്തിലെ കിഫ്ബി ധനസഹായത്തോടെ 5 കോടി / 3 കോടി / ഒരു കോടി രൂപയുടെ നിർമാണ പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുക്കപ്പെട്ട താഴെപറയുന്ന നാല് സ്കൂളുകൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.<br>1. ജി.എച്ച്.എസ്.എസ്.കോന്നി – 5 കോടി രൂപ<br>2. ജി.എച്ച്.എസ്.എസ്. ചിറ്റാർ – 3 കോടി രൂപ<br>3. ജി.എച്ച്.എസ്.എസ് കലഞ്ഞൂർ –3 കോടി രൂപ<br>4. ജി.എച്ച്.എസ്.എസ് മാങ്കോട് – 1 കോടിരൂപ |

Namitha.T

സെക്ഷൻ ഓഫീസർ